പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2513 09/07/2015 - ൽ മറുപടിയ്ക്ക്

**സ്റ്റേറ്റ് സിലബസ്സിൽ കുട്ടികളുടെ എണ്ണം കറയുന്ന പ്രവണത**

ചോദ്യം | ഉത്തരം

ശ്രീമതി.കെ.എസ്.സലീഖ

ശ്രീ. പി.കെ. അബ്ദുറബ്ബ്
(വിദ്യാഭ്യാസവകുപ്പ് മന്ത്രി)

(എ) 2015-16 ആധ്യയന വർഷം എത്ര കുട്ടികൾ പഠിക്കുന്നു എന്നറിയിക്കാമോ; വർഷം തിരിച്ച് 2004-05 മുതൽ 2015-16 വർഷം വരെയുള്ള കണക്ക് ലഭ്യമാക്കുമോ;

(എ) 2003-2004 മുതൽ 2015-2016 വരെയുള്ള കുട്ടികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| Year | Total |
|---|---|
| 2003-04 | 4894005 |
| 2004-05 | 4842015 |
| 2005-06 | 4776306 |
| 2006-07 | 4719476 |
| 2007-08 | 4626411 |
| 2008-09 | 4545826 |
| 2009-10 | 4457756 |
| 2010-11 | 4351225 |
| 2011-12 | 4235285 |
| 2012-13 | 3971537 |
| 2013-14 | 3848067 |
| 2014-15 | 3789227 |
| 2015-16 (Provisional) | 3772721 |

(ബി) സ്റ്റേറ്റ് സിലബസ്സിനെ കൂടാതെ മറ്റു സിലബസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം 2015-16 ആധ്യയന വർഷം എത്രയാണ്;

(ബി) സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സിലബസിൽ പഠിപ്പിക്കുന്ന സ്കൂളുകൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പരിധിയിൽ വരാത്തതിനാൽ കുട്ടികളുടെ എണ്ണം സമയ ബന്ധിതമായി തിട്ടപ്പെടുത്തുന്നതിനായി പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ആയ തിനാൽ 2013-14 വർഷത്തെ കുട്ടികളുടെ

എണ്ണം മാത്രമേ പൂർണ്ണമായും തയ്യാറാക്കാൻ കഴിഞ്ഞിട്ടുള്ളൂ. ആയത് പ്രകാരം സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സിലബസ്സിലായി 2013-2014 അദ്ധ്യയന വർഷത്തിൽ ആകെ 1070125 കുട്ടികൾ പഠിയ്ക്കുന്നുണ്ട്.

(സി) സ്റ്റേറ്റ് സിലബസ്സിൽ കുറഞ്ഞുവരുന്ന കുട്ടികളുടെ എണ്ണം എത്ര എന്നും ഈ പ്രവണത തടയുവാനും സ്റ്റേറ്റ് സിലബസ്സിൽ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുമായി സ്വീകരിക്കുന്ന നടപടിക്രമങ്ങളും എന്ത് എന്നും വ്യക്തമാക്കുമോ;

(സി) 2015-2016 അദ്ധ്യയന വർഷത്തിലെ 6-)ം പ്രവൃത്തിദിന കണക്കെടുപ്പിൻ പ്രകാരം സർക്കാർ സ്കൂളുകളിൽ നിന്നും 22543 ഉം എയിഡഡ് സ്കൂളുകളിൽ നിന്നും 57323 കുട്ടികളും മുൻ അദ്ധ്യയന വർഷത്തെ അപേക്ഷിച്ച് കുറവ് വന്നിട്ടുണ്ട്.

സർക്കാർ /എയിഡഡ് സ്കൂളുകളിലെ കുട്ടികളുടെ കൊഴിഞ്ഞു പോക്ക് നിയന്ത്രിക്കുന്നതിനായി അത്തരം കുട്ടികളെ കണ്ടെത്തി അവർക്ക് ആവശ്യമായ ബ്രിഡ്ജ് കോഴ്സ് നൽകി തിരികെ സ്കൂളിൽ പ്രവേശിപ്പിക്കുന്നതിനായി എസ്.എസ്.എ യുടെ നേതൃത്വത്തിൽ ഔട്ട് ഓഫ് സ്കൂൾ ഇന്റർവെൻഷൻ നടത്തി വരുന്നു. ഇതിനായി പ്രത്യേക ട്യൂട്ടർമാരെ നിയമിച്ചിട്ടുണ്ട്. അതോടൊപ്പം കൂടുതൽ കുട്ടികളെ സ്റ്റേറ്റ് സിലബസ്സിലേക്ക് ആകർഷിക്കുന്നതിനായി എസ്.സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ പ്രാഥമിക വിദ്യാഭ്യാസ പാഠ്യ പദ്ധതി പരിഷ്ക്കരിച്ചു. അതിന്റെ ഭാഗമായി എല്ലാ കുട്ടികൾക്കും പഠന നേട്ടങ്ങൾ ഉറപ്പാക്കുന്ന തരത്തിൽ സിലബസ്സും പാഠപുസ്തകങ്ങളും പരിഷ്ക്കരിക്കുകയും അദ്ധ്യാപക പരിശീലന പരിപാടികൾ നടപ്പിലാക്കുകയും ചെയ്തു വരുന്നു. കൂടാതെ ഒന്നു മുതൽ നാലു വരെ ക്ലാസ്സുകളിലേക്ക് ഇംഗ്ലീഷ് മീഡിയം പുസ്തകങ്ങൾ വേണമെന്ന ആവശ്യം പരിഗണിച്ച് ഇംഗ്ലീഷ് മീഡിയം പുസ്തകങ്ങൾ തയ്യാറാക്കി പഠിപ്പിച്ചു വരുന്നു.

(ഡി) സ്റ്റേറ്റ് സിലബസ്സിൽ കുട്ടികൾ കുറഞ്ഞുവരുന്നതിനുള്ള കാരണങ്ങൾ പരിശോധിച്ചുവോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) സ്റ്റേറ്റ് സിലബസ്സിൽ കുട്ടികൾ കുറഞ്ഞുവരുന്നതിനുള്ള കാരണങ്ങളെക്കുറിച്ച് ആധികാരിക പഠനം നടത്തിയിട്ടില്ല. എന്നിരുന്നാലും കേന്ദ്ര സിലബസ്സിനോടുള്ള രക്ഷിതാക്കളുടെ അമിതമായ താല്പര്യം കുട്ടികൾ കുറയുന്നതിന് കാരണമാകുന്നുണ്ട്.

| | | | |
|---|---|---|---|
| (ഇ) | സംസ്ഥാന പാഠ്യപദ്ധതികളിൽ ഈ സർക്കാർ കൊണ്ടുവന്ന ചില പുതിയ പരിഷ്കാരങ്ങൾ അദ്ധ്യയന നിലവാരത്തകർച്ചയുണ്ടാക്കിയതുമൂലമാണ് പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ കുറവുണ്ടാകുന്നത് എന്ന പൊതു അഭിപ്രായം പരിശോധിച്ചുവോ; വിശദാംശം ലഭ്യമാക്കുമോ? | (ഇ) | അത്തരത്തിലുള്ള പരാമർശങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. |

Sreedevi

സെക്ഷൻ ഓഫീസർ